"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- തൃശ്ശൂർ എസ് എം എച്ച് എസ് ലെ ജൂനിയർ ഹിന്ദി തസ്തികയിലെ ശ്രീമതി അമ്പിളി വി.എസ് -ന്റെ നിയമനാംഗീകാരത്തിനായി സി.എം.എസ് സ്കൂൾസ് ഇൻ കൊച്ചിൻ ഏരിയയുടെ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2447/2022/GEDN തീയതി,തിരുവനന്തപുരം, 16-04-2022

---

പരാമർശം:-

1. സി.എം.എസ് സ്കൂൾസ് ഇൻ കൊച്ചിൻ ഏരിയയുടെ കോർപ്പറേറ്റ് മാനേജർ 15/01/2020 തീയതിയിൽ സമർപ്പിച്ച റിവിഷൻ ഹർജി
2. 07/03/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ EC4/1387/2022/ഡി.ജി.ഇ.നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ എസ് എം എച്ച് എസ് ലെ ജൂനിയർ ഹിന്ദി തസ്തികയിലെ ശ്രീമതി അമ്പിളി വി.എസ് -ന്റെ നിയമനാംഗീകാരത്തിനായി (ദിവസ വേതനാടിസ്ഥാനം) സി.എം.എസ് സ്കൂൾസ് ഇൻ കൊച്ചിൻ ഏരിയയുടെ കോർപ്പറേറ്റ് മാനേജർ പരാമർശം 1 പ്രകാരം ഒരു റിവിഷൻ ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സി.എം എസ്.എച്ച്.എസ് സ്കൂളിൽ ശ്രീമതി വിനയ കെ.എൻ 30-08-2018 മുതൽ 27-12-2018 വരെ കീമോതെറാപ്പി ചികിത്സക്കായി സ്പെഷ്യൽ കാഷ്വൽ ലീവിൽ പ്രവേശിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിൽ മാനേജർ ഹിന്ദി അദ്ധ്യാപികയായി ശ്രീമതി അമ്പിളി വി .എസ് നെ 03-09-2018 മുതൽ 27-12-2018 വരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറും തൃശ്ശൂർ ഉപ വിദ്യാഭ്യാസ ഡയറക്ടറും നിയമന അപേക്ഷ, ഉത്തരവ് ജി.ഒ(പി) 211/2014/ധനം പ്രകാരം നിരസിക്കുകയുണ്ടായി . ഇതിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ റിവിഷൻ പെറ്റീഷനും ഇതേ കാരണത്താൽ 15.12.2019 തീയതിയിലെ പൊതു വിദ്യാഭ്യാസ അഡിഷണൽ ഡയറക്ടറുടെ ഇ സി.4/3996/2019/DGE/k.Dis

നമ്പർ നടപടി ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു. 25.06.2019 തീയതിയിലെ സ.ഉ.(കൈ).നം. 71/2019/പൊ വി പ്രകാരം സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഒരു മാസത്തിൽ കൂടുതലുള്ള സ്പെഷ്യൽ കാഷ്വൽ ലീവ് മൂലമുണ്ടാകുന്ന ഒഴിവുകളിൽ 2018-19 അധ്യയന വർഷം പ്രാബല്യത്തോടെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. അത് കൊണ്ട് ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപ്പീൽ പരിഗണിക്കണമെന്നും ,അമ്പിളി വി. എസ് Jr ഹിന്ദി അദ്ധ്യാപികയുടെ 03-09 -2018 മുതൽ 27-12-2018 വരെയുള്ള തൃശ്ശൂർ സി എം എസ് എച് എസ് എസ് ലെ ദിവസ വേതനാടിസ്ഥാനത്തിലുള്ള നിയമനം അംഗീകരിക്കുന്നതിന് തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണം എന്നുമാണ് റിവിഷൻ അപ്പീലിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലെ ഉത്തരവുകളുടെയും, ബന്ധപ്പെട്ട വിദ്യഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. തൃശ്ശൂർ സി എം എസ് എച്ച് എസ് ലെ ശ്രീമതി വിനയ കെ എൻ , ജൂനിയർ ഹിന്ദി അധ്യാപിക 30.08.2018 മുതൽ 27.12.2018 വരെ സ്പെഷ്യൽ കാഷ്വൽ ലീവ് എടുത്ത ഒഴിവിലാണ് ശ്രീമതി അമ്പിളി വി.എസ് -ന്റെ ജൂനിയർ ഹിന്ദി തസ്തികയിലെ 03.09.2018 മുതൽ 27.12.2018 വരെയുള്ള ദിവസ വേതന നിയമനം സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ട ഒഴിവാകയാൽ നിയമനം തൃശ്ശൂർ ജില്ല വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. ആയതിനെതിരായി ഉന്നതാധികാരികൾക്ക് ഫയൽ ചെയ്ത അപ്പീലുകളും ഇതേ കാരണത്താൽ നിരസിച്ചു. സ.ഉ (കൈ) നമ്പർ 71/2019 പൊ.വി.വ തീയതി 25.06.2019 പ്രകാരം സ്പെഷ്യൽ കാഷ്വൽ ലീവ് ഒഴിവിലേക്ക് ദിവസ വേതന നിയമനം അനുവദിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം നിയമനം അംഗീകരിക്കണം എന്നതാണ് മാനേജർ സർക്കാരിലേക്ക് സമർപ്പിച്ച ഹർജിയിലെ ആവശ്യം .

5. 25.06.2019 തീയതിയിലെ സ.ഉ (കൈ) നമ്പർ 71/2019 ന് 2018-19 അദ്ധ്യയന വർഷം മുതൽ പ്രാബല്യമുണ്ട്. ശ്രീമതി അമ്പിളി വി,എസ് -ന്റെ ജൂനിയർ ഹിന്ദി തസ്തികയിലെ ദിവസ വേതന നിയമനം 03.09.2018 മുതൽ 27.12.2018 വരെയാണ്. ആകയാൽ തൃശ്ശൂർ എസ് എം എച്ച് എസ് ലെ ജൂനിയർ ഹിന്ദി തസ്തികയിലെ ശ്രീമതി അമ്പിളി വി,എസ് -ന്റെ ദിവസ വേതന നിയമനം പരിഗണനാർഹമാണെന്ന് കാണുന്നു.

6. മേൽ സാഹചര്യത്തിൽ വിഷയം പരിശോധിച്ച് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ തൃശ്ശൂർ എസ് എം എച്ച് എസ് ലെ ജൂനിയർ ഹിന്ദി തസ്തികയിലെ ശ്രീമതി അമ്പിളി വി.എസ് -ന്റെ

ദിവസ വേതന നിയമനം അംഗീകരിക്കുന്നതിന് തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശ്ശൂർ

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃശ്ശൂർ

ശ്രീമതി അമ്പിളി പി.എസ് (ജൂനിയർ ഹിന്ദി), സി.എം.എസ്.എച്ച്.എസ്.എസ്, തൃശ്ശൂർ

കോർപ്പറേറ്റ് മാനേജർ, സി.എം.എസ് സ്കൂൾ, ഇൻ കൊച്ചിൻ ഏരിയ, സി.എം.എസ്.എച്ച്.എസ്.എസ്, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by Mini.t.r.**
**Date: 18-04-2022 11:44:15**
സെക്ഷൻ ഓഫീസർ